# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2362 — 20.06.2012 - ൽ മറുപടിക്ക്

### വള്ളിക്കുന്ന് മണ്ഡലത്തിലെ സാർക്ക് കുടിവെള്ള പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ. എൻ. എ. ഖാദർ** | ശ്രീ. പി ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) **വള്ളിക്കുന്ന് മണ്ഡലത്തിൽപ്പെട്ട സാർക്ക് കുടിവെള്ള പദ്ധതി പൂർത്തിയാക്കുന്നതിന് നാഷണൽ ഹൈവേ അതോറിറ്റി തടസ്സം നിൽക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;** | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) **ചേലേമ്പ്ര, തേഞ്ഞിപ്പലം, പെരുവള്ളൂർ, മൂന്നിയൂർ പഞ്ചായത്തുകൾക്ക് പ്രയോജനം ചെയ്യുന്ന ഈ ബൃഹത്തായ പദ്ധതിയ്ക്ക് വേണ്ടി നേരത്തേ ഇട്ട പൈപ്പുകൾ മാറ്റി സ്ഥാപിക്കുവാൻ എൻ.എച്ച്. അതോറിറ്റിയുടെ അനുമതി ആവശ്യപ്പെടാൻ നടപടി സ്വീകരിക്കുമോ ?** | (ബി) സാർക്കിൽ ഉൾപ്പെടുത്തി കേന്ദ്ര സഹായത്തോടു കൂടിയുള്ള മുന്നിയൂർ തേഞ്ഞിപ്പലം ചേലേമ്പ്ര പെരുവള്ളൂർ വില്ലേജുകളി ലേയ്ക്കുള്ള കുടിവെള്ള പദ്ധതിയുടെ പുനരുദ്ധാരണത്തിനു 158 ലക്ഷം രൂപയുടെ അനുമതി ലഭിച്ചിരുന്നു. പ്രധാന ഘടകമായ ചേളാരി ജലശുദ്ധീകരണശാലമുതൽ കാക്കഞ്ചേരി ഉയർന്ന വിതരണത്തിലുള്ള ജലസംഭരണി വരെ എൻ.എച്ച്.17 -ലൂടെ 5750 മീറ്റർ നീളത്തിൽ നിലവിലുള്ള പൈപ്പുകൾ മാറ്റി 160 എം.എം.പി.വി.സി (12.50.കെ.ജി.പൈപ്പുകൾ) സ്ഥാപിക്കുന്ന പ്രവൃത്തി ആരംഭിക്കുവാൻ അനുമതിക്കായി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ പ്രോജക്ട് ഡയറക്ടർ കോഴിക്കോടിന് മലപ്പുറം പി.എച്ച്.ഡിവിഷൻ ആഫീസിൽ നിന്നും 30.11.2010, 21.12.2010, 22.03.2011, 03.06.2011,22.03.2012 തീയതികളിൽ അപേക്ഷ നൽകിയെങ്കിലും അപേക്ഷ നിരസിക്കുകയാണുണ്ടായത്. പൈപ്പ് ഇടുന്നതിനുള്ള അനുമതി ഇതുവരെയും ലഭിച്ചിട്ടില്ല. റോഡ് കട്ടിംഗ് അനുമതി ലഭിക്കുന്നതിനുള്ള കാലതാമസം മൂലം ജലവിതരണ പദ്ധതികൾ തടസ്സപ്പെടുന്നത് ചർച്ച ചെയ്യുവാനായി ബഹു: പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 21.06.2012-ൽ ഒരു മീറ്റിംഗ് വിളിച്ചിട്ടുണ്ട്. ടി മീറ്റിംഗിൽ ഈ പദ്ധതിയുടെ പ്രശ്നങ്ങൾ കൂടി ചർച്ച ചെയ്ത് നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ